## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *106 — 04-02-2019 -ൽ മറുപടിക്ക്

### ധനസഹായ വിതരണത്തിനുള്ള മാനദണ്ഡത്തിലെ അപാകത

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയബാധിതർക്കുള്ള പതിനായിരം രൂപയുടെ ധനസഹായം ലഭിക്കുന്നതിന് നിശ്ചിത ദിവസത്തിൽ കൂടുതൽ വീടുകളിൽ വെള്ളം കെട്ടിനിന്നതായിരിക്കണമെന്ന മാനദണ്ഡം ഉള്ളത് കാരണം നിരവധി അർഹരായ വ്യക്തികൾക്ക് തുക ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ, വീടിന് 75%ത്തിലധികം നാശനഷ്ടം നേരിടുകയോ, വീട് പൂർണ്ണമായും തകർന്നു പോകുകയോ ചെയ്തവർക്കാണ് കേന്ദ്ര മാനദണ്ഡപ്രകാരം ഒറ്റതവണ ദുരിതാശ്വാസ സഹായത്തിന് അർഹതയുള്ളത്. വീട്ടിലെ വസ്തുവകകൾ ദുരന്തത്തിൽ നഷ്ടപ്പെട്ടു എന്നതാണ് ഈ സഹായത്തിന്റെ പ്രധാന മാനദണ്ഡം. ഇത് കേന്ദ്ര മാനദണ്ഡം ആണ്. വീട്ടിലെ വസ്തുവകകൾ ദുരന്തത്തിൽ നഷ്ടപ്പെട്ടു എന്ന് വില്ലേജ് ഓഫീസർ ഉത്തമബോധ്യത്തിൽ അംഗീകരിച്ച് നൽകുന്ന പട്ടികയിൽ ഉൾപ്പെടുന്നവർക്കാണ് ഈ സഹായം നൽകുവാൻ സാധിക്കുക. കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 2 ദിവസത്തിൽ കൂടുതൽ പ്രളയത്തെ തുടർന്ന് വീടുകളിൽ വെള്ളം കെട്ടിനിന്ന കുടുംബങ്ങൾക്ക് വസ്ത്രങ്ങൾക്ക് ഉണ്ടായ നാശത്തിന് ഓരോ കുടുംബത്തിനും 1800 രൂപ വീതവും വീട്ടുപകരണങ്ങളുടെ നാശത്തിന് 2000 രൂപ വീതവുമാണ് അനുവദനീയമായിട്ടുള്ളത്. അപ്രകാരം ഒരു കുടുംബത്തിന് ആകെ അനുവദനീയമായ 3800/- രൂപയ്ക്ക് പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6200 |

| | | | |
|---|---|---|---|
| | | | രൂപ കൂടി ഉൾപ്പെടുത്തിയാണ് 10000 രൂപ വീതം അനുവദിച്ചത്. പ്രളയ ബാധിതർക്കുള്ള അടിയന്തിര ധനസഹായമായ 10000/- രൂപ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പരാതിയുള്ളവർക്ക് അപ്പീൽ സമർപ്പിക്കുന്നതിന് സർക്കാർ അവസരം നൽകിയിട്ടുള്ളതാണ്. അത് പ്രകാരം ലഭിച്ചിരുന്ന അപ്പീൽ പരാതികൾ പരിഗണിച്ച് അന്വേഷണം നടത്തി അർഹരായവർക്ക് പ്രസ്തുത ദുരിതാശ്വാസം അനുവദിച്ചിട്ടുള്ളതാണ്. |
| ബി) | പതിനായിരം രൂപയുടെ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിട്ടും ഇടുക്കി, വയനാട് പോലുള്ള ജില്ലകളിൽ മാനദണ്ഡത്തിലെ അപാകത കാരണം നിരവധി പേർക്ക് തുക ലഭിച്ചിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | അർഹരായ മുഴുവൻ കുടുബങ്ങൾക്കും അടിയന്തിര ദുരിതാശ്വാസം അനുവദിച്ചിട്ടുണ്ട്. 10,000 രൂപയ്ക്ക് അർഹതപ്പെട്ടവരുടെ പട്ടികയുടെ അവസാന ദിവസമായിരുന്ന 5-9-2018 വരെ 6,10,802 പേർ ആയിരുന്നു അർഹരായിരുന്നത്. തുടർന്ന് സർക്കാർ പരിശോധനകൾ പൂർത്തിയാക്കി 6,87,843 പേർക്ക് പ്രസ്തുത തുക നൽകിയിട്ടുണ്ട്. ഇതിൽ 77,041 പേർ അപ്പീൽ മുഖാന്തരം ലിസ്റ്റിൽ ചേർക്കപ്പെട്ടവർ ആണ്. |
| സി) | പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | അർഹമായ ദുരിതാശ്വാസം അനുവദിക്കാതിരുന്നത് സംബന്ധിച്ച് പരാതിയുള്ളവർക്ക് അപ്പീൽ അപേക്ഷ നൽകുന്നതിന് സർക്കാർ അവസരം നൽകിയിരുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അർഹരായ ആളുകൾക്ക് ദുരിതാശ്വാസം നൽകിയിട്ടുള്ളതാണ്.<br>ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകാവുന്നതും (ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണ വിഭാഗം/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്), സി.ഇ.ഒയുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും സമീപിക്കാവുന്ന തരത്തിൽ 22.11.2018-ലെ സ.ഉ.(സാധാ)നം. 627/ 2018/ഡി.എം.ഡി. പ്രകാരം പരാതി |

| | | | |
|---|---|---|---|
| | | | പരിഹാര സംവിധാനം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ഉന്നത ഉദ്യോഗസ്ഥരും, ജില്ലാ കളക്ടർമാരുമായി ബഹു: മുഖ്യമന്ത്രി നിരവധി യോഗങ്ങൾ നടത്തിവരുന്നുണ്ട്. ബഹു:റവന്യൂ വകുപ്പ് മന്ത്രി 30.01-.2019 ന് ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലാ കളക്ടർമാരുമായി പ്രത്യേകം വീഡിയോ കോൺഫറൻസ് നടത്തി. ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുവാനായും, ഭരണപരമായ ആവശ്യങ്ങൾ ജില്ലാ കളക്ടർമാർക്ക് സമയ ബന്ധിതമായി പരിഹരിച്ച് നൽകുവാനും 12 യോഗങ്ങൾ ഇതുവരെ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ